## ഗൾഫ് രാജ്യങ്ങൾ/ഇതര ഏഷ്യൻ രാജ്യങ്ങളിലേക്ക് സാക്ഷ്യപ്പെടുത്ത ലിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഗൾഫ് രാജ്യങ്ങൾ/ഇതര ഏഷ്യൻ രാജ്യങ്ങളിലേക്ക് പോകുന്നതനായി സാക്ഷ്യപ്പെടുത്തേണ്ട മേൽപ്പറഞ്ഞ എല്ലാ സർട്ടിഫിക്കറ്റുകളും 1952 ലെ നോട്ടറീസ് ആക്ട് അനുസരിച്ച് പ്രാക്ടീസ് ചെയ്യുന്ന നോട്ടറിമാരെ ക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റിൽ നോട്ടറി രജിസ്റ്ററിന്റെ (Register particulars) വിശദാംശങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുകയും നോട്ടറി validity date ഉറപ്പ് വരുത്തേണ്ടതും ആണ്.
2. ഇത്തരത്തിൽ നോട്ടറി ചെയ്ത സർട്ടിഫിക്കറ്റിന്റെ പകർപ്പും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

### ജനന/മരണ/വിവാഹ സർട്ടിഫിക്കറ്റുകൾ

3. അതാത് പഞ്ചായത്ത് /കോർപ്പറേഷനിൽ നിന്ന് നൽകുന്ന ജനന/മരണ/വിവാഹ സർട്ടിഫിക്കറ്റുകൾ മാത്രമെ സാക്ഷ്യപ്പെടുത്തലിനായി സ്വീകരിക്കൂ.

### മുക്ത്യാർ/സത്യവാങ്മൂലം

4. മുക്ത്യാർ/സത്യവാങ്മൂലം എന്നിവ സാക്ഷ്യപ്പെടുത്തുന്നതിലേയ്ക്കായി ആയത് നൽകുന്ന ആളിന്റെയും, അറ്റോർണിയുടെയും പാസ്പോർട്ടിന്റെ പകർപ്പുകളോടൊപ്പം പ്രസ്തുത രേഖയിൽ പരാമർശിച്ചിട്ടുള്ള മറ്റ് രേകളുടെ (ഉദാ. സിവിൽ ഐ.ഡി, ഇഖാമ, ഡ്രൈവിംഗ് ലൈസൻസ്, വാഹനം സംബന്ധിച്ച വിവരങ്ങൾ) പകർപ്പുകളും നിർബന്ധമായും ഹാജരാക്കിയിക്കണം
5. മുക്ത്യാർ/സത്യവാങ്മൂലം എന്നിവ സാക്ഷ്യപ്പെടുത്തലിനായി സ്വീകരിക്കുന്ന പക്ഷം പ്രസ്തുത രേഖയിൽ പരാമർശിച്ചിട്ടുള്ള വ്യക്തികളുടെ പാസ്പോർട്ട്/സിവിൽ ഐ.ഡി എന്നിവ നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. സ്ഥാപനം/വാഹനം കൈമാറൽ/വിൽപന സംബന്ധിച്ച രേഖകൾ സാക്ഷ്യപ്പെടുത്തുന്നതിലേയ്ക്കായി പ്രസ്തുത സ്ഥാപന/വാഹന രജി

സ്ട്രേഷൻ സംബന്ധിക്കുന്ന രേഖകളുടെ പകർപ്പും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**<u>മുക്ത്യാർ/സത്യമാങ്മൂലം – മരണാനന്തര പ്രതിഫലം ലഭിക്കേണ്ട കേസുകളിൽ</u>**

6. മരണാനന്തര പ്രതിഫലം ലഭിക്കേണ്ട കേസുകളിൽ മുക്ത്യാർ/സത്യമാങ്മൂലം സാക്ഷ്യപ്പെടുത്താൻ അവകാശ/പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിന്റെ അസ്സലോ, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പോ പാജരാക്കേണ്ടതാണ്. ടി സർട്ടിഫിക്കറ്റിൽ പരാമർശിച്ചിരിക്കുന്ന വ്യക്തികളുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

**<u>അംഗീകൃത സർക്കാർ/വിദ്യാഭ്യാസ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ</u>**

7. സർക്കാർ വകുപ്പുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ, അംഗീകൃത സർവ്വകലാശാലകൾ, അഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരീക്ഷാ കമ്മീഷണർ എന്നിവ നൽകുന്ന വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക്ലിസ്റ്റുകൾ ഡ്രൈവിംഗ് ലൈസൻസ് പർട്ടിക്കുലേർസ്, ഫിംഗർപ്രിന്റ് സർട്ടിഫിക്കറ്റുകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവ അതിന്റെ നിജസ്ഥിതി ബന്ധപ്പെട്ട അധികാരികളിൽ നിന്നും അന്വേഷിച്ചറിഞ്ഞ ശേഷമെ സാക്ഷ്യപ്പെടുത്തി നൽകുകയുളളു. ഇത്തരത്തിൽ വെരിഫിക്കേഷൻ നടത്തിയതിന് ശേഷം മാത്രം സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്ന അവസരങ്ങളിൽ ആദ്യഘട്ടം സാക്ഷ്യപ്പെടുത്തേണ്ട സർട്ടിഫിക്കറ്റിന്റെ 3 പകർപ്പുകളും, അപേക്ഷകന്റെ തിരിച്ചറിയൽ കാർഡും 10 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
8. പ്രസ്തുത അപേക്ഷ അഭ്യന്തര വകുപ്പിൽ സമർപ്പിക്കുന്ന മുറയ്ക്ക് വെരിഫിക്കേഷൻ നമ്പർ ലഭിക്കുകയും പ്രസ്തുത വെരിഫിക്കേഷൻ പൂർത്തിയാകുന്ന മുറയക്ക് മാത്രം അസ്സൽ സർട്ടിഫിക്കറ്റ് ഉദ്യാഗാർത്ഥിയിൽ നിന്ന് കൈപ്പറ്റുകയും ആയത് സാക്ഷ്യപ്പെടുത്തലിനായി സമർപ്പിക്കേണ്ടതുമാണ്. അസ്സൽ സർട്ടിഫിക്കറ്റ് സമർപ്പി

ക്കുമ്പോൾ അപേക്ഷയോ, മറ്റ് അനുബന്ധ രേഖകളോ സമർപ്പിക്കേണ്ടതില്ല. **ഇത്തരത്തിൽ വെരിഫിക്കേഷൻ പൂർത്തിയാക്കിയ സർട്ടിഫിക്കറ്റുകൾ നോട്ടറി ചെയ്യേണ്ടതില്ല.**

**<u>പ്രൈവറ്റ് സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ</u>**

9. സംസ്ഥാനത്തിനകത്തെ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ നൽകുന്ന വിദ്യാഭ്യാസ യോഗ്യത, പരിശീലനം, പ്രവൃത്തി പരിചയം തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ താഴെപ്പറയുന്ന വിധത്തിൽ സർക്കാരിന്റെ അതുമായി ബന്ധപ്പെട്ട ജില്ലാ അധികാരികൾ കൗണ്ടർസൈൻ ചെയ്ത് സമർപ്പിക്കേണ്ടതാണ്.

| | | |
|---|---|---|
| 1. | പ്രൈവറ്റ് ആശുപത്രികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ | ജില്ലാ മെഡിക്കൽ ഓഫീസർ (DMO) |
| 2. | പ്രൈവറ്റ് വിദ്യാഭ്യാസ സ്ഥാപനം നൽകുന്ന സർട്ടിഫിക്കറ്റുകൾ | അസിസ്റ്റന്റ് /ഡിസ്ട്രിക്ട് എഡ്യുക്കേഷണൽ ഓഫീസർ /ടെക്നിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (AEO/DEO) |
| 3. | തൊഴിൽ വകുപ്പിനു കീഴിലുള്ള സ്വകാര്യ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ | ജില്ലാ ലേബർ ഓഫീസർ |

**ഇത്തരത്തിൽ കൗണ്ടർസൈൻ ചെയ്ത രേഖകൾ നോട്ടറി അറ്റസ്റ്റേഷനു ശേഷം മാത്രമെ സ്വീകരിക്കാവൂ**